**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 200** | **08-08-2023 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ എത്ര തസ്തികകളാണ് ഇതുവരെ അനുവദിച്ചതെന്ന് വിശദമാക്കാമോ; | (എ) | 22/9/2021-ലെ സ.ഉ(കൈ)നം.168/2021/ആ.കു.വ നമ്പർ ഉത്തരവ് അനുസരിച്ച് കാഞ്ഞങ്ങാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ സ്റ്റാഫ് നേഴ്സ് 7, ഫാർമസിസ്റ്റ് -2, ക്ലാർക്ക് -2, ഓഫീസ് അറ്റൻഡന്റ് -1 (ആകെ 12)തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 04/02/2023-ലെ സ.ഉ (സാധാ) നം.270/2023/ആകു.വ നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ എന്ന സ്ഥാപനത്തിലെ വൈസ് പ്രിൻസിപ്പൽ (അസി.ഡയറക്ടർ) തസ്തിക കാഞ്ഞങ്ങാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ടാറ്റ ട്രസ്റ്റ് ഗവ ആശുപത്രിയിലെ 61 തസ്തികകൾ കാഞ്ഞങ്ങാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്ക് താത്കാലികമായി പുനർവിന്യസിച്ചിട്ടുണ്ട്. നീലേശ്വരം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്ന് ഒരു ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി, ബദിയടുക്ക സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്ന് ഒരു അസിസ്റ്റന്റ് സർജനെയും ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ കൂടുതൽ തസ്തികകൾ അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | കാഞ്ഞങ്ങാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്ക് തസ്തികകൾ സൃഷ്ടിക്കുന്ന പ്രൊപോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ